**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **02-02-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സ്മാർട്ട് മീറ്റർ സംവിധാനം ഏർപ്പെടുത്തിക്കഴിയുമ്പോൾ ഏതൊക്കെ സേവനങ്ങളാണ് കെ.എസ്.ഇ.ബി. നൽകുന്നതെന്നും ഏതൊക്കെ സേവനങ്ങൾ ആണ് സ്വകാര്യ കമ്പനി മുഖേന നൽകുന്നതെന്നും വ്യക്തമാക്കുമോ; | (എ) | പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. വൈദ്യുതി തടസ്സങ്ങൾ തത്സമയം അറിയാൻ സാധിക്കുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപന നടപടികൾ വേഗത്തിലാകും. മീറ്റർ റീഡിംഗിലെ മാനുഷിക പിശകു കാരണം ബില്ലിംഗിൽ തെറ്റുകൾ വരാനുള്ള സാധ്യത ഒഴിവാക്കാം.<br><br>സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള കരാർ സ്വകാര്യ കമ്പനികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടില്ല. ടെൻഡർ മുഖേനയാണ് പദ്ധതി നടത്തിപ്പിനുള്ള കമ്പനിയെ തെരെഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി എന്തൊക്കെ വ്യവസ്ഥകളാണ് കരാറിൽ ഉൾപ്പെടുത്തുന്നതെന്ന് അറിയിക്കുമോ? | (ബി) | സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുമ്പോൾ ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ